പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - *347

10.4.2013 ന് മറുപടിയ്ക്ക്

## മാതൃഭാഷയുടെ സംരക്ഷണത്തിനായി പദ്ധതി

**ചോദ്യം**

ശ്രീ.എം.എ.ബേബി

ശ്രീ.ജി.സുധാകരൻ

ഡോ.കെ.ടി.ജലീൽ

ശ്രീ.പുരുഷൻ കടലുണ്ടി

എ) മാതൃഭാഷയേയും അതിലെ പ്രാദേശിക തനിമകളെയും സംരക്ഷിക്കാനും അതിന്റെ വ്യാപനത്തിനുമായി എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

ബി) ഇതിനായി പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ വിശദമാക്കാമോ?

**മറുപടി**

ശ്രീ .കെ.സി.ജോസഫ്

ബഹു.ഗ്രാമവികസനവും

ആസൂത്രണവും സാംസ്കാരികകാര്യവും

വകുപ്പ് മന്ത്രി

എ) യും (ബി) യും മലയാള ഭാഷയുടെ സംരക്ഷണത്തിനായി മലയാളം മിഷൻ രൂപീകരിക്കുകയും ലോകം മുഴുവനുള്ള മലയാളികളുടെ പ്രതിനിധികളെ ഒന്നിച്ചിരുത്തി മാതൃഭാഷ നേരിടുന്ന പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുവാൻ വിശ്വമലയാള മഹോത്സവംവഴി വേദി ഒരുക്കുകയും ചെയ്തു. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭ്യമാക്കാൻ നടത്തിയ ശ്രമങ്ങൾ വിജയത്തിന്റെ വക്കിലാണ്. മലയാള സാഹിത്യ ത്തിന്റെ വിവിധ മേഖലകൾ ഉൾപ്പെടുത്തി ബിരുദാനന്തരബിരുദ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസവും ഗവേഷണ പഠനവും സാധ്യമാക്കുന്നതിന് മലയാളം സർവ്വകലാശാല പ്രാവർത്തികമാക്കി. ശാസ്ത്ര-സാങ്കേതിക വിദ്യയുടെ വികാസത്തിനനുസൃതമായി ഭാഷയെ നവീകരിക്കുന്നതിന് പണ്ട് ലിപി പരിഷ്കരണം നടത്തിയതുപോലെ കംപ്യൂട്ടറിനായി ഭാഷയെ സജ്ജമാക്കാൻ വേണ്ടി ഇലക്ട്രോണിക് ടെക്സ്റ്റ് കംപോസ്സിങ്ങിനു ഫൊണെറ്റിക് സിസ്റ്റം ആവിഷ്കരിക്കാനും യൂണികോഡ് സിസ്റ്റത്തിൽ മലയാളത്തെ ഉൾപ്പെടുത്തുന്നതിനും കംപ്യൂട്ടർ കീ-ബോർഡ് ക്യാരക്റ്റർ എൻകോഡിങ്ങും സാധ്യമാക്കുന്നതിനും ഇൻറ്റർ-കൺവേർഷൻ സൗകര്യമുള്ള അക്ഷരമാല സോഫ്റ്റ് വേയർ തയ്യാറാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെതിന്റെ ഭാഗമായി ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. ഭരണരംഗത്ത മാതൃഭാഷയുടെ ഉപയോഗം സാർവത്രികമാക്കുന്നതിനും ഭരണഭാഷാ വ്യാപനം ത്വരിതപ്പെടുത്തുന്നതിനുമായി 2012 നവംബർ 1 മുതൽ ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആചരിച്ചു വരുന്നു.

Sheela M

സെക്ഷൻ ഓഫീസർ